## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 929** **29/09/2011-ൽ മറുപടിക്ക്**

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ താത്ക്കാലിക നിയമനം

| ചോദ്യം<br>ശ്രീ. എ. കെ. ശശീന്ദ്രൻ: | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ 2011-12 വർഷത്തിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര ഒഴിവുകളിലേയ്ക്ക് എന്നും ഈ ഒഴിവുകൾ ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ജില്ലാ കോർഡിനേറ്റർ തസ്തികയിൽ ഒന്നും, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തികയിൽ 3ഉം, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ 1ഉം ഒഴിവുകളിലേയ്ക്ക് താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.<br>പ്രസ്തുത തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജോലി നോക്കി വന്നിരുന്ന 5 ജീവനക്കാർക്ക് പി.എസ്.സി മുഖേനയും മറ്റ് സ്ഥാപനങ്ങളിലും നിയമനം ലഭിച്ച് വിടുതൽ ചെയ്ത് പോയതിനാലാണ് പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നത്. |
| സി) | ഇതിന് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി എന്നായിരുന്നുവെന്നും ഓരോ തസ്തികകളിലേക്കും എത്രവീതം അപേക്ഷകൾവീതം ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ; | സി) | അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 7.09.2011 ആയിരുന്നു. അപേക്ഷ എണ്ണി തിട്ടപ്പെടുത്തുന്നതിനും തുടർന്നുള്ള പ്രോസസ്സിംഗും ആരംഭിച്ചിട്ടേ ഉള്ളു. |
| ഡി) | ഓപ്പൺ സ്കൂളിലെ താത്കാലിക നിയമനത്തിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | ഡി) | ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഒഴിവുകൾ പത്ര മാധ്യമങ്ങളിൽ വിജ്ഞാപനം ചെയ്ത് അപേക്ഷകൾ ക്ഷണിച്ച് ഓരോ തസ്തികയ്ക്കും പ്രത്യേകം ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് , ഇന്റർവ്യൂ നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ഇതിൽ നിന്നും മുൻഗണനാക്രമത്തിലാണ് 2006 മുതൽ നിയമനം നടത്തി വരുന്നത്. |

(.....2)

| | | | |
|---|---|---|---|
| ഇ) | ഓപ്പൺ സ്കൂളിലെ താത്കാലിക നിയമനങ്ങൾക്ക് ഏതെങ്കിലും വിഭാഗത്തിനോ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കോ സംവരണം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം എന്ന് വെളിപ്പെടുത്തുമോ? | ഇ) | ഓപ്പൺ സ്കൂളിലെ താത്ക്കാലിക നിയമനങ്ങൾക്ക് ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് ഇതുവരെ സംവരണം നൽകിയിട്ടില്ല. എന്നാൽ ഉയർന്ന വിദ്യാഭാസ യോഗ്യത ഉള്ളവർക്ക് മുൻഗണന നൽകുന്നതു സംബന്ധിച്ച് അതാതു ഇന്റർവ്യൂ ബോർഡുകളാണ് തീരുമാനം കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ